| 360 | കൃഷി ഓഫീസ് കെട്ടിടം നവീകരണം | New | ജനറൽ | 500000 | 0 |
| 361 | പഞ്ചായത്ത് ഓഫീസ് മെയിൻറനൻസ് | New | ജനറൽ | 1500000 | 0 |
| 363 | വാർഡ് 2 ചെറുപറ്റ ഉപ്പുപാറ റോഡ് മെയിൻറനൻസ് | New | ജനറൽ | 900000 | 0 |
| 364 | എൽ എസ് ജി ഡി എഞ്ചിനീയറിംഗ് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | New | ജനറൽ | 100000 | 97776 |
| 365 | വാർഡ് 2 കുഴിവയൽ വെറ്ററിനറി സബ് സെൻറർ നിർമ്മാണം | New | ജനറൽ | 2000000 | 0 |
| 366 | വാർഡ് 18 പുതിയപാടി നടപ്പാത മെയിൻറനൻസ് | New | ജനറൽ | 500000 | 0 |
| 367 | വാർഡ് 6 മെസ്സ് റോഡ് പുനരുദ്ധാരണം | New | ജനറൽ | 700000 | 0 |
| 368 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | New | ജനറൽ | 101050 | 0 |
| 369 | വാർഡ് 21 കർപ്പൂരക്കാട് ബാവ റോഡ് പുനരുദ്ധാരണം | New | ജനറൽ | 300000 | 0 |
| 370 | മേപ്പാടി കടൂർ റോഡ് മെയ്ന്റനൻസ് | New | ജനറൽ | 500000 | 0 |
| 371 | വാർഡ് 2 കുഴിമുക്ക് പാറക്കൽ അങ്കണവാടി റോഡ് മെയിൻറനൻസ് | New | ജനറൽ | 570000 | 0 |
| 372 | കടൂർ പത്താം നമ്പർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ | New | ജനറൽ | 500000 | 0 |
| 373 | മേപ്പാടി ടൌൺ ബസ്റ്റാൻറിൽ കുഴൽ കിണർ നിർമ്മാണം | New | ജനറൽ | 500000 | 0 |
| 375 | വിദ്യാർത്ഥി ഹരിത സേന സ്കോളർഷിപ്പ്ഇക്കോ സെൻസ് | New | ജനറൽ | 100000 | 0 |
| 376 | ക്ഷയരോഗികൾക്ക് പോഷകാഹാര കിറ്റ് വിതരണം | New | ജനറൽ | 100000 | 0 |
| 377 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | New | ജനറൽ | 214000 | 0 |
| 378 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽഹെൽത്ത് ഗ്രാൻറ് ഫണ്ട് 2425 | New | ജനറൽ | 300000 | 0 |
| 379 | വാർഡ് 18 എട്ടാം നമ്പർ കുടിവെള്ള പദ്ധതി | New | ജനറൽ | 601900 | 0 |
| 380 | വാർഡ് 5 മൂപ്പനാട് പൂത്തക്കൊല്ലി അമ്പലം റോഡ് മെയ്ൻറനൻസ് | New | ജനറൽ | 500000 | 0 |

| Project | Project Name Mal | Project Type | Project | FundTotal | Expenditure |
|---|---|---|---|---|---|
| 382 | വാർഡ് 20 നാൽപ്പത്തിയാറ് പുഴമൂല റോഡ് മെയിൻറനൻസ് | New | ജനറൽ | 600000 | 0 |
| 383 | വാർഡ് 5 നെടുമ്പാല അഞ്ജലി പുതുക്കുടി വിത്തുകാട് റോഡ് മെയിൻറനൻസ് | New | ജനറൽ | 500000 | 0 |
| 384 | വാർഡ്22 46 മാനിവയൽ റോഡ് മെയിൻറനൻസ് | New | ജനറൽ | 567600 | 0 |
| 385 | വാർഡ് 21 ചെമ്പോത്തറ വീട്ടിമറ്റം റോഡ് മെയിൻറനൻസ് പൂർത്തീകരണം | New | ജനറൽ | 500000 | 0 |
| 386 | വാർഡ് 8 നെല്ലിമു സായിപ്പ്കുന്ന് റോഡ് മെയിൻറനൻസ് | New | ജനറൽ | 500000 | 0 |
| 387 | വാർഡ് 11 ചൂരൽമല കൊയ്നാംകുളം റോഡ് മെയ്ൻറനൻസ് | New | ജനറൽ | 1000000 | 0 |
| 388 | വാർഡ് 14 കുന്നമംഗലംകുന്ന് റോഡ് മെയിൻറനൻസ് | New | ജനറൽ | 500000 | 0 |
| 389 | റാട്ടക്കൊല്ലി ഉന്നതി നടപ്പാത കോൺക്രീറ്റ് | New | ജനറൽ | 200000 | 0 |
| 390 | കെബി റോഡ് കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ | New | ജനറൽ | 1150000 | 0 |
| 391 | അസിസ്റ്റൻറ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് എഞ്ചിനീയറിംഗ് ഉപകരണങ്ങൾ വാങ്ങൽ | New | ജനറൽ | 200000 | 0 |
| 392 | വാർഡ് 6 കടൂർ കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ പൂർത്തീകരണം | New | ജനറൽ | 100000 | 0 |
| 393 | വാർഡ് 1 മുണ്ടുപാറക്കുന്ന് കുടിവെള്ള പദ്ധതി | New | ജനറൽ | 300000 | 0 |
| 394 | വാർഡ് 1 മുണ്ടുപാറ എസ് ടി ഉന്നതി കിണർ നിർമ്മാണം | New | ജനറൽ | 500000 | 0 |
| 395 | വാർഡ് 4 കുണ്ടുവയൽ കുടിവെള്ള പദ്ധതി | New | ജനറൽ | 500000 | 0 |

അദ്ധ്യായം 3

# പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

## 1. പൊതുഭരണവും, ധനകാര്യവും

ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ പൊതു ഭരണവും ധനകാര്യവും എന്ന മേഖല വളരെ പ്രധാനപെട്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ സുതാര്യവും സമയബന്ധിതവുമായി സേവനങ്ങൾ ലഭ്യമാക്കാൻ സാധിക്കണം. ജീവനക്കാരുടെ അമിത ജോലിഭാരം, സാങ്കേതിക പരിജ്ഞാനകുറവ് തുടങ്ങിയ കാരണങ്ങൾ സേവനം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നു. കൃത്യമായ മോണിറ്ററിംഗ് നടത്തി ഇത്തരത്തിലുള്ള പ്രശ്നങ്ങളെല്ലാം പരിഹരിച്ച് മുന്നോട്ട് പോവേണ്ടതുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ട കാര്യങ്ങളും ചെയ്യേണ്ടതുണ്ട്. ഗുണഫലങ്ങൾ കൃത്യമായി ജനങ്ങളിൽ എത്തിച്ചേരണമെങ്കിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും, കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെയും ദൈനംദിന പ്രവർത്തനങ്ങൾ സുതാര്യവും, കാര്യക്ഷമവും, സത്യസന്ധവും, ജനകീയവും, നിയമവിധേയവുമാവണം. ഓരോ പൗരനും ലഭിക്കേണ്ട സേവനങ്ങൾ കൃത്യസമയത്തുതന്നെ ലഭ്യമാക്കാൻ കഴിയണം. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത,ജീവനക്കാരുടെ അമിതജോലി ഭാരം, സാങ്കേതിക പരിജ്ഞാനക്കുറവ് തുടങ്ങിയ കാരണങ്ങളാൽ സേവനം ലഭ്യമാക്കാൻ കാലതാമസം നേരിടുന്നുണ്ട്. ഇവ പരിഹരിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്.

**<u>പരിഹാര സാധ്യതകൾ</u>**

- സേവനങ്ങളുടെ കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി എല്ലാ മാസവും ജീവനക്കാരുടെ യോഗം വിളിച്ച് സ്ഥിതി ഗതികൾ വിലയിരുത്തി പോരായ്മകൾ പരിഹരിക്കണം.
- സ്മാർട്ട് ഫ്രണ്ട് ഓഫീസുകളും ഹെൽപ്പ് ഡെസ്ക്കുകളുടെ പ്രവർത്തനങ്ങൾ കാരയക്ഷമമാക്കണം.
- പൗരാവകാശ രേഖ കാലോചിതമായി പരിഷ്ക്കരിക്കണം
- സേവനാവകാശ നിയമം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.
- സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കണം
- ജീവനക്കാരുടെ പ്രതിമാസ യോഗം വിളിച്ച് സ്ഥിതിഗതികൾ അവലോകനം ചെയ്ത് പോരായ്മകൾ പരിഹരിക്കുക.
- പൗരാവകാശ രേഖ കാലോചിതമായി പരിഷ്ക്കരിച്ച് അവ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക
- വിവിധ അപേക്ഷകളോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധ രേഖകളുടെ ചെക്ക് ലിസ്റ്റ് തയ്യാറാക്കുക
- സേവനാവകാശ നിയമം നടപ്പിലാക്കുക
- ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ ഉപയോഗം പരമാവധി വർദ്ധിപ്പിക്കുക.
- സ്റ്റാഫ് പാറ്റേൺ കാലാനുസൃതമായി പുനർ നിർണ്ണയിക്കുക.
- ഓഫീസ് നടപടിക്രമങ്ങൾ പരമാവധി ലഘൂകരിക്കുക
- ഘടകസ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.
- അഴിമതിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുക.
- സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുക.

## 2. കൃഷിയും അനുബന്ധ മേഖലകളും

23 വാർഡുകളുള്ള മേപ്പാടി ഗ്രാമപഞ്ചായത്തിൽ വൻകിട തേയില- കാപ്പി- ഏലം തോട്ടങ്ങളാണ് അധികവും. ചെറിയ തോതിൽ കാപ്പി- കുരുമുളക്- ഏലം കൃഷി ചെയ്യുന്ന തോട്ടങ്ങളുമുണ്ട്. തോട്ടം മേഖല കഴിഞ്ഞാൽ ജനങ്ങളുടെ ആശ്രയം കാർഷിക മേഖലയിലാണ്. നെൽവയലുകൾ നന്നേ കുറവാണ്. വയലുകൾ കൂടുതലും വാഴ, കവുങ്ങ് തുടങ്ങിയ കൃഷിക്കും വഴിമാറി. മറ്റു കാർഷികേതര ആവശ്യങ്ങൾക്കും നെൽവയലുകൾ ഉപയോഗിക്കുന്നു. കരയിൽ കാപ്പി, കവുങ്ങ്, കുരുമുളക്, തെങ്ങ് എന്നിവ മുഖ്യ വിളയായും, ഇഞ്ചി, മഞ്ഞൾ, വാഴ, പച്ചക്കറികൾ തുടങ്ങിയവ ഇടവിളയായും കൃഷി ചെയ്യുന്നു. കൃഷി ഭൂമിയുടെ തുണ്ടവത്ക്കരണവും, തൊഴിലാളികളുടെ ലഭ്യത കുറവും, രാസവളങ്ങളുടെ അമിത വിലയും, ഉത്പന്നങ്ങളുടെ വിലയിടിവും കാരണം കാർഷിക മേഖലയിൽ നിന്നും പലരും പിന്തിരിയുന്ന സാഹചര്യമാണ് നിലവിലുള്ളത്. വന്യമൃഗങ്ങളുടെ ശല്യം കാരണം കാർഷിക പ്രവർത്തികൾ മുന്നോട്ട് കൊണ്ടുപോവുന്നത് പ്രയാസപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. 26-27 വാരഷിക പദ്ധതിയിൽ ഇത് പരിഹരിക്കുന്നതിന് വേണ്ട പദ്ധതികൾ ആവശ്യമാണ്. നഷ്ടപ്പെട്ട കാർഷിക സംസ്കൃതി നമ്മുക്ക് തിരിച്ചു പിടിക്കണം. അതിനുള്ള പദ്ധതികളാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

<u>പരിഹാര സാധ്യതകൾ</u>

- ➢ സബ്സിഡി, ഗ്രൂപ്പ് ഫാമിംഗ്
- ➢ നെൽകർഷകരുടെ കമ്പനി രൂപീകരിക്കൽ
- ➢ ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ
- ➢ നിലവിലുള്ള ചെക്ക്ഡാമുകൾ ബലപ്പെടുത്തൽ
- ➢ യന്ത്രവത്ക്കരണം, തൊഴിൽ സേന രൂപീകരിക്കൽ
- ➢ ജൈവകൃഷി, ജൈവ കീടനാശിനി പ്രോത്സാഹനം
- ➢ ജൈവവള നിർമ്മാണത്തിൽ പ്രോത്സാഹനം
- ➢ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പരിശീലനം, സാമ്പത്തിക പിന്തുണ.
- ➢ വനത്തിൽ ഫലവൃക്ഷം വെച്ചുപിടിപ്പിക്കൽ
- ➢ വന്യമൃഗങ്ങളിൽ നിന്നും കൃഷി ഭൂമി സംരക്ഷിക്കുന്നതിന് സെൻസിംഗ് ഏർപ്പെടുത്തുക

## 3. മൃഗസംരക്ഷണം

മൃഗസംരക്ഷണം ജീവനോപാധിയാക്കിയ നിരവധി കുടുംബങ്ങളുണ്ട് മേപ്പാടി ഗ്രാമപഞ്ചായത്തിൽ. വളർത്തു മൃഗങ്ങളും, വളർത്തു പക്ഷികളും എന്നും മനുഷ്യ ജീവിതത്തിന്റെ ഭാഗമാണ്. പാലും മുട്ടയും മാംസവും ഉൽപാദിപ്പിച്ച് വിൽപ്പന നടത്തി ഉപജീവനം നടത്തുന്ന വലിയൊരു വിഭാഗം നമ്മുടെ നാട്ടിൻപുറങ്ങളിലുണ്ട്. കന്നുകാലികളെ കാർഷിക ആവശ്യത്തിനും ഉപയോഗിക്കുന്നു. കാർഷിക രംഗത്തും, തൊഴിൽ മേഖലയിലും ഉണ്ടായ മാറ്റങ്ങൾ മൃഗസംരക്ഷണ രംഗത്തും മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. നാടൻ ഇനങ്ങളായ കന്നുകാലികളുടെയും, കോഴികളുടെയും സംരക്ഷണം കർഷകർക്കൊരു ബാധ്യതയായിരുന്നില്ല. എന്നാൽ ഉത്പാദന വർദ്ധനവ് ലക്ഷ്യമാക്കി സങ്കരയിനങ്ങളെ വളർത്താൻ തുടങ്ങിയതോടെ അവയുടെ സംരക്ഷണ ചെലവ് ക്രമാതീതമായി വർദ്ധിച്ചു. നമ്മുടെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിയ്ക്കും അനുയോജ്യമല്ലാത്ത ജനുസ്സുകളിൽപ്പെട്ടവയിൽ രോഗബാധ സാധ്യത കൂടുതലായി കാണുന്നു. ഈ രംഗത്തും അദ്ധ്വാനത്തിനും, ചെലവിനും ആനുപാതികമായ വരുമാനം ലഭിക്കുന്നില്ല. അതുകൊണ്ട് തന്നെ ഈ മേഖലകളിൽ നിന്നും പല ആളുകളും പിന്മാറി തുടങ്ങിയിട്ടുണ്ട്.

കൂടുതൽ ആളുകളും ഇതൊരു ഉപതൊഴിലായിട്ടാണ് കാണുന്നത്. പോഷകസമൃദ്ധമായ ആഹാരസാധനങ്ങളാണ് പാൽ, മുട്ട, മാംസം എന്നിവ. അവയുടെ ഉത്പാദനത്തിനും, വിപണനത്തിനും അനുകൂലമായ സാഹചര്യം ഇന്ന് നമ്മുടെ പഞ്ചായത്തിലുണ്ട്.

## പരിഹാര സാധ്യതകൾ

- മരുന്നുകൾ യഥാസമയം വിതരണം ചെയ്യുക
- പാലിന് സബ്സിഡി
- കാലിത്തീറ്റ സബ്സിഡി
- വയനാടിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ കന്നുകാലികളെ വിതരണം ചെയ്യുക
- ഗ്രൂപ്പ് അടിസ്ഥാനത്തിൽ കന്നുകാലി വളർത്തൽ
- തീറ്റപ്പുൽ കൃഷി വ്യാപനം
- നെൽകൃഷി വ്യാപനം
- മാലിന്യ നിർമ്മാർജ്ജനം
- പ്രതിരോധ കുത്തിവെയ്പ്
- എ.ബി.സി പദ്ധതി

## 4. പ്രാദേശിക സാമ്പത്തിക വികസനം

പഞ്ചായത്തിന്റെ സാമ്പത്തിക വികസനത്തിൽ മുഖ്യപങ്ക് വഹിക്കുന്ന മേഖലയാണ് പ്രാദേശിക സാമ്പത്തിക വികസനം. ചെറുകിട സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ എടുത്തു പറയാൻപോലും ഒന്ന് മേപ്പാടി ഗ്രാമപഞ്ചായത്തിലില്ല. കാർഷിക മേഖലയായ മേപ്പാടി പഞ്ചായത്തിൽ ഒട്ടേറെ സാധ്യതകൾ നിലനിൽക്കുന്നുണ്ട്. കാർഷിക രംഗത്തേയും, ക്ഷീര - മൃഗ സംരക്ഷണ രംഗത്തേയും വിഭവങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി വിപണിയിലെത്തിക്കുന്ന സംരംഭങ്ങൾക്ക് നിരവധി സാധ്യതകളാണ് ഉള്ളത്. കുടുംബശ്രീ രംഗത്തെ ചില കാറ്ററിംഗ്, ഫ്ളോർമിൽ യൂണിറ്റുകൾ ഒഴിച്ചാൽ എടുത്തുകാണിക്കാവുന്ന സംരംഭങ്ങൾ ഒന്നുമില്ല. പ്രാദേശിക സാമ്പത്തിക വികസനത്തിൽ സാധ്യതയുള്ള മറ്റൊരു മേഖലയാണ് ടൂറിസം. പ്രകൃതി രമണീയവും, സാഹസികവുമായ ഒട്ടേറെ പ്രദേശങ്ങൾ മേപ്പാടി പഞ്ചായത്തിലുണ്ട്. ചെമ്പ്ര, സൂചിപ്പാറ, 900 കണ്ടി, എളമ്പിലേരി എന്നിവിടങ്ങളിൽ നൂറുകണക്കിന് ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളാണ് ദിവസേന വന്നു പോകുന്നത്. എന്നാൽ ഈ സാധ്യതകളെ മേപ്പാടിയുടെ സാമ്പത്തിക വികസനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിന് ശേഷം കുടുംബശ്രീ മുഖേന നട പ്പിലാക്കിവരുന്ന മൈക്രോപ്ലാൻ പദ്ധതികളിലൂടെ നൂതന സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചു എന്നത് എടുത്ത് പറയേണ്ട നേട്ട ങ്ങളിൽ ഒന്നാണ്.

## പരിഹാര സാധ്യതകൾ

- പരിശീലനങ്ങളും, പ്രചോദന ക്ലാസ്സുകളും സംഘടിപ്പിക്കുക
- മാനേജ്മെന്റ് പരിശീലനം

- വിപണി വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലനം
- മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം വിപണനം
- സംരംഭകർക്ക് സാമ്പത്തിക സഹായം
- കുടുംബശ്രീ യൂണിറ്റുകൾക്ക് തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി
- ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പാർക്കിംഗ് സംവിധാനം
- ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ശുചീകരണ സൗകര്യം
- . ടൂറിസ്റ്റ് ഇൻഫോർമേഷൻ കം ഫ്രഷപ്പ് സെൻ്റർ
- പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ

## 5 ദാരിദ്ര്യ ലഘൂകരണം

മേപ്പാടി ഗ്രാമപഞ്ചായത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളും തോട്ടം തൊഴിലാളികളുമാണ് കൂടുതൽഉള്ള ത്. ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമാക്കിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെങ്കിലും ലക്ഷ്യത്തിലേക്ക് എത്തുവാൻഇനിയും സമയമെടുക്കും.മേപ്പാടി ഗ്രാമപഞ്ചായത്തിൽ നിലവിലം ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകി വരുന്നുണ്ട്. എന്നാൽ ലിസ്റ്റിലെ ഭൂരഹിതർക്ക് സ്ഥലം വാങ്ങി നൽകുന്നതിന്സാമ്പത്തിക പരിമിതി മൂലം പദ്ധതി ആവിഷ്ക്കരിക്കാൻ സാധിക്കുന്നില്ല. അതി ദരിദ്ര വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി കണ്ടെത്തി നൽകിയിട്ടുണ്ട്. അതുപോലെ അതിദരിദ്രർക്കുള്ള മരുന്നും ഭക്ഷണകിറ്റുകളും പദ്ധതിയുടെ ഭാഗമായി നൽകിവരുന്നുണ്ട്. ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ ആവില്ല. ദാരിദ്ര്യ ലഘൂകരണമാണ് ലക്ഷ്യമിടേണ്ടത്. മനുഷ്യന്റെ നിത്യജീവിതത്തിലെ ആവശ്യങ്ങളേറിക്കൊണ്ടിരിക്കും. ആഹാരം-വസ്ത്രം-പാർപ്പിടം എന്നിവയാണ് മനുഷ്യൻ അടിസ്ഥാന ആവശ്യങ്ങൾ ഈ ആവശ്യങ്ങൾ നിഷേധിക്കപ്പെട്ട നിരവധി കുടുംബങ്ങൾ മേപ്പാടി ഗ്രാമപഞ്ചായത്തിലുണ്ട്. തോട്ടം മേഖലയായ മേപ്പാടിയിൽ തോട്ടം തൊഴിലാളികളിൽ അധികവും ഭൂമിയില്ലാത്തവരും വീടില്ലാത്തവരുമാണ്. എസ്റ്റേറ്റിൽ നിന്നും വിരമിക്കുന്നതോടെ തലചായ്ക്കാനൊരു ഇടമില്ലാതെ ദുരിതമനുഭവിക്കുന്നവർ ഏറെയാണ്. ഇന്നത്തെ അണുകുടുംബ വ്യവസ്ഥയിൽ ഭൂരഹിതരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. എല്ലാവരുടെയും പാർപ്പിട പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുകയെന്നത് വളരെ പ്രയാസമാണ്. സമൂഹത്തിൽ പ്രത്യേക ശ്രദ്ധയും, പരിഗണനയും അർഹിക്കുന്ന ഒട്ടേറെ വ്യക്തികളും കുടുംബങ്ങളുമുണ്ട്. അവരുടെ സാന്ത്വന പരിചരണവും, ആരോഗ്യ-വിദ്യാഭ്യാസ -തൊഴിൽ പ്രശ്നങ്ങളും ഏറ്റെടുക്കേണ്ടതുണ്ട്. കേരള സർക്കാർ ആവിഷ്ക്കരിച്ച ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലൂടെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് വീട് നൽകി വരുന്നു.

## പരിഹാര സാധ്യതകൾ

- മുഴുവൻ ഭവന രഹിതർക്കും വീട് നൽകുക
- ഭൂരഹിത-ഭവന രഹിത പുനരധിവാസം നടപ്പിലാക്കുക
- ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക
- ആശ്രയ പദ്ധതിയിൽ അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തുക
- വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം നടത്തുക

- പൂർത്തീകരിക്കാൻ കഴിയാത്ത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുക
- അതിദരിദ്ര്യരെ കണ്ടെത്തി പുനരധിവാസം നടത്തുക
- വാതിൽപ്പടി സേവനം ലഭ്യമാക്കുക
- എല്ലാ കുടുംബങ്ങൾക്കും വൈദ്യുതിയും കുടിവെള്ളവും ലഭ്യമാക്കുക

# 6 സാമൂഹ്യ നീതി

സമൂഹത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളാണ് വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ, കുട്ടികൾ എന്നിവർ. ഈ വിഭാഗം ആളുകൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നു. പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ഈ വിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ, ഒറ്റപ്പെടൽ, അവഗണന, സ്വന്തമായി വരുമാനമില്ലായ്മ എന്നിവ അവരെ മാനസികമായി തളർത്തുന്നു. വയോജനങ്ങളുടെ കൂട്ടായ്മകൾ ഇതിനൊരു പരിധിവരെ പരിഹാരമുണ്ടാക്കും. നിലവിൽ മേപ്പാടി ഗ്രാമപഞ്ചായത്തിൽ വയോജനങ്ങളുടെ കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. സമൂഹത്തിൽ അഗണിക്കപ്പെടുന്ന വിഭാഗമാണ് കുട്ടികൾ. അവരുടെ നിഷ്കളങ്കതയും അറിവില്ലായ്മയും മൂലം പലപ്പോഴും ചൂഷണത്തിന് വിധേയമാകാറുണ്ട്. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനും നമ്മുക്ക് സാധിക്കണം. ആരോഗ്യമുള്ള അമ്മയും കുഞ്ഞും അങ്കണവാടികളുടെ ലക്ഷ്യമാണ്. മേപ്പാടി ഗ്രാമപഞ്ചായത്തിൽ 33 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ചില അങ്കണവാടികളുടെ സൗകര്യങ്ങൾ പരിമിതമാണ്. എസ്റ്റേറ്റുകളുടെയും സ്വകാര്യ വ്യക്തികളുടെയും കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളും നിലവിലുണ്ട്. പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചും സന്നദ്ധ സംഘടനകളുടെ സഹായത്താലും അങ്കണവാടികൾ നവീകരിക്കാൻ സാധിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ പരിമിതികൾ പലപ്പോഴും അവരെ മുഖ്യധാരയിൽ നിന്നും അകറ്റി നിർത്തപ്പെടാൻ ഇടയാകുന്നു. ശാരീരിക മാനസിക വെല്ലുവിളികൾ മറികടക്കാനും, ആത്മവിശ്വാസത്തോടെ ജീവിതത്തിൽ മുന്നേറാൻ അവരെ പ്രപ്തരാക്കേണ്ടതുണ്ട്. അതിനായി പ്രത്യേക ശ്രദ്ധയും, പരിഗണനയും, പരിശീലനവും ആവശ്യമാണ്. മേപ്പാടി ഗ്രാമപഞ്ചായത്തിന് കീഴിൽ ഒരു ബഡ്സ് സ്ക്കൂളും, സ്വകാര്യ മേഖലയിൽ ഒരു സ്പെഷ്യൽ സ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്. ഭിന്ന ലിംഗക്കാരായ ഒരാൾ മാത്രമാണ് മേപ്പാടി ഗ്രാമപഞ്ചായത്തിൽ ഉള്ളത്.

## പരിഹാര സാധ്യതകൾ

- മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും
- എഫ്.എച്ച്.സി സേവനം മെച്ചപ്പെടുത്തുക
- ബോധവത്ക്കരണ ക്ലാസ്സുകൾ
- ഓഫീസുകൾ വയോജന സൗഹൃദമാക്കൽ
- സ്വയം തൊഴിൽ പരിശീലനം
- ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കൽ
- സ്വയം തൊഴിൽ പരിശീലനങ്ങൾ

- ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്
- ബഡ്സ് സ്ക്കൂളുകൾ പ്രവർത്തനം കാര്യക്ഷമമാക്കൽ
- ബഡ്സ് സ്ക്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
- റീഹാബിലിറ്റേഷൻ സെന്റർ
- സഞ്ചാര സഹായ സംവിധാനങ്ങൾ
- എല്ലാ അങ്കണവാടികൾക്കും സ്വന്തമായ കെട്ടിടം
- വയോജനങ്ങൾക്ക് പകൽ വീടുകൾ
- ബാലസഭാ സംഗമങ്ങൾ

## 7 വനിത വികസനം

ഒരു സമൂഹത്തിന്റെ സമഗ്ര പുരോഗതിക്ക് സ്ത്രീകളുടെ സജീവ പങ്കാളിത്തം അനിവാര്യമാണ്. സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ സ്ത്രീകളുടെ ശേഷി വികസിപ്പിക്കുകയും അവരെ സ്വയം പര്യാപ്തരാക്കുകയും ചെയ്യുന്നത് പ്രാദേശിക വികസനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. സ്ത്രീ പദവി എന്നത് ഒരു രാഷ്ട്രത്തിന്റെ വികസന സൂചികയിൽ പ്രധാനപ്പെട്ടതാണ്. തദ്ദേശ സ്വയം രണ സ്ഥാപനങ്ങളിൽ 50 % സ്ത്രീ സംവരണം നിലവിൽ വന്നതും, കുടുംബശ്രീ സംവിധാനത്തിലൂടെ സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർന്നതും സാമൂഹ്യ രാഷ്ട്രീയ രംഗത്ത് സ്ത്രീകളുടെ വൻമുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട്. കുടുംബഭരണവും നാടിന്റെ ഭരണവും ഒന്നിച്ചുകൊണ്ടുപോവാൻ ഇന്ന് സ്ത്രീകൾ പ്രാപ്തരാണ്. പുരുഷാധിപത്യം നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ഒരു പരിധിവരെ അതിനെ പ്രതിരോധിക്കാൻ സ്ത്രീകൾക്ക് ആവുന്നുണ്ട്. വീടിന്റെ അകത്തളങ്ങളിൽ ഒതുങ്ങി കൂടിയിരുന്നവർ സ്വന്തമായി അദ്ധ്വാനിച്ച് വരുമാനമുണ്ടാക്കി കുടുംബം പുലർത്തുന്നു. തോട്ടം മേഖലയായ മേപ്പാടിയിൽ തോട്ടങ്ങളിലെ ഏറ്റവും വലിയ തൊഴിൽ ശക്തി സ്ത്രീകളാണ്. കാർഷിക മേഖലയിലും , തൊഴിലുറപ്പ് രംഗത്തും പുരുഷന്മാരെക്കാളും അധികം സ്ത്രീകളാണ്. പൊതുയിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഇന്നും അവഗണിക്കപ്പെടുന്നു. തൊഴിൽ രംഗത്തെ ചൂഷണമാണ് മറ്റൊന്ന്. തുല്യ ജോലിക്ക് തുല്യ വേതനം എന്ന തത്വം ഇനിയും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. സമൂഹത്തിൽ നിലനിൽക്കുന്ന ഏറ്റവും വലിയ തിന്മയാണ് സ്ത്രീധനം. ഒരുകാലത്ത് വിവാഹ കമ്പോളത്തിലെ വിൽപനച്ചരക്കായി സ്ത്രീയെ കാണുന്ന സമീപനത്തിൽ നിന്നും സമൂഹത്തിന്റെ ഇടപെടൽ മൂലം മാറ്റങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു. ഇതൊരു ശുഭസൂചനയാണ്. സ്ത്രീകളുട സാമൂഹിക സാമ്പത്തിക ശാക്തീകരണവും അവകാശ സംരക്ഷണവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന വിവിധ പദ്ധതികളും ഇടപെടലുകളും പഞ്ചായത്ത് വികസനത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്.

### പരിഹാര സാധ്യതകൾ

- ജാഗ്രതാ സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ
- സ്വയം പ്രതിരോധ മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുക
- ശക്തമായ നിയമ നടപടികൾ
- തൊഴിൽ പരിശീലനങ്ങൾ
- ബോധവത്ക്കരണ ക്ലാസ്സുകൾ
- സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനങ്ങൾ
- നിയമനിർമ്മാണം

- സ്ത്രീ പദവി പഠനം
- ജെൻഡർ പ്രൊജക്ടുകൾ
- കുടുംബശ്രീയെ ശക്തിപ്പെടുത്തൽ

## 8.1 പട്ടികജാതി വികസനം

മേപ്പാടി ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാരിൽ കൂടുതലും ഇതര ജില്ലകളിൽ നിന്നും കർണ്ണാടക, തമിഴ്നാട്, ആന്ധ്ര പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും തൊഴിൽപരമായ ആവശ്യങ്ങൾക്കായി കുടിയേറിയവരാണ്. അതിനാൽ തന്നെ മലയാളം, തമിഴ്, കന്നഡ, തുളു, തെലുങ്ക് തുടങ്ങിയ വിവിധ ഭാഷക്കാരുടെ സംഗമഭൂമിക്കൂടിയാണ് മേപ്പാടി ഗ്രാമപഞ്ചായത്ത്. ഈ വിഭാഗക്കാരിൽ കൂടുതലും തോട്ടം മേഖലയിൽ ജോലിചെയ്യുന്നവരാണ്. മേപ്പാടി ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 9.27 % പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. തലമുറകളായി ഇവിടെ ജീവിക്കുന്ന പലർക്കും ജാതി തെളിയിക്കുന്നതിനുള്ള രേഖകൾ ലഭിക്കുന്നില്ലയെന്നത് ഗുരുതര പ്രശ്നമാണ്. 80% ഓളം കുടുംബങ്ങൾക്കും വീടുണ്ടെങ്കിലും പലരുടെയും ഭൂമിക്ക് കൈവശ രേഖയില്ല. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ ഇന്നും നിലനിൽക്കുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങളെപ്പോലുള്ള ഊരു സമ്പ്രദായം പട്ടികജാതി വിഭാഗക്കാർക്കില്ല. അതിനാൽ തന്നെ പട്ടികജാതി കോളനികൾ കുറവാണ്. എന്നാൽ കുറെ കുടുംബങ്ങൾ അടുത്തടുത്തായി താമസിക്കുന്ന പല പ്രദേശങ്ങളുമുണ്ട്.

### പരിഹാര സാധ്യതകൾ

- കൈവശ ഭൂമിക്ക് പട്ടയം നൽകുക
- ജാതി സർട്ടിഫിക്കറ്റിനുള്ള നിബന്ധനകളിൽ ഇളവ് നൽകുക
- വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുക
- ഉന്നത വിദ്യാഭ്യാസത്തിന് കൂടുതൽ പ്രോത്സാഹനം നൽകുക
- മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുക
- ഉപരിപഠനത്തിന് സ്കോളർഷിപ്പ്
- ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്
- തൊഴിൽ പരിശീലനങ്ങൾ
- വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം
- വീടില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും വീട്
- സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലവും വീടും
- തനത് കലാരൂപങ്ങൾക്ക് പ്രോത്സാഹനം

## 8.2 പട്ടികവർഗ്ഗ വികസനം

മേപ്പാടി ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 9.87 ശതമാനം പട്ടിക വർഗ്ഗക്കാരാണ്. ഇവർ പ്രധാനമായും 63 കോളനികളിലായിട്ടാണ് താമസിക്കുന്നത്. ഇതിൽ ഏറിയപങ്കും പണിയ സമുദായക്കാരാണ്. കുറുമ-കുറിച്ച്യ -കാട്ടുനായ്ക്ക-തച്ചനാടൻ മൂപ്പൻ- വെട്ടക്കുറുമൻ- ഊരാളിക്കുറുമൻ എന്നീ വിഭാഗങ്ങളിലുള്ളവരാണ് മറ്റുള്ളവർ.

പരമ്പരാഗതമായി കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരാണ് പണിയർ. എന്നാൽ കാർഷിക മേഖലിയിൽ നിന്നുള്ള പിന്മാറ്റം അവരെ പലരെയും തൊഴിൽ രഹിതരാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗവിഭാഗക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നത് പണിയ വിഭാഗക്കാരാണ്. അവർക്കിടയിലെ മദ്യപാനവും, മയക്ക്മരുന്ന് ഉപയോഗവും പലകുടുംബങ്ങളെയും പട്ടിണിയിലാക്കിയിട്ടുണ്ട്. പല കോളനികളിലും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമുണ്ട്. കുടിവെള്ളം, ശുചിത്വം എന്നിവയുടെ കാര്യത്തിൽ വളരെ പുറകിലാണ്. വിദ്യാഭ്യാസ പരമായി വളരെ പിന്നോക്കം നിൽക്കുന്നതിനാൽ സ്ഥിരവരുമാനമുള്ള തൊഴിലുള്ളവർ കുറവാണ്. കൃഷിയെ ആശ്രയിച്ച് കഴിയുന്നവരാണ് കുറിച്ച്യ കുറുമ വിഭാഗക്കാർ. വനവിഭവങ്ങളും മറ്റും ശേഖരിച്ച് വിൽപ്പന നടത്തി ഉപജീവനം നടത്തി ജീവിക്കുന്നവരാണ് കാട്ടുനായ്ക്കർ. കിഴങ്ങുവർഗ്ഗങ്ങൾ ആഹാരശീലമാക്കിയവരും ഇവർക്കിടയിലുണ്ട്. നെൽവയലുകളുടെയും, വനത്തിന്റെയും ശോഷണം ഇവരുടെ ജീവിതത്തിന്റെ താളം തെറ്റിച്ചിട്ടുണ്ട്. ഗോത്രവർഗ്ഗങ്ങളുടെ ജീവിതരീതിയും, സംസ്ക്കാരവും ഇതരവിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമാണ്. തനതായ ആചാരങ്ങളും കലാരൂപങ്ങളും ഇവർക്ക് സ്വന്തമായുണ്ട്.

## പരിഹാര സാധ്യതകൾ

- നെൽകൃഷിയും മറ്റു കൃഷികളും പ്രോത്സാഹിപ്പിക്കുക
- കോളനികളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക
- സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുക
- ഭൂരഹിത- ഭവന രഹിത പുനരധിവാസം
- ഭവന നിർമ്മാണത്തിനായി പട്ടികവർഗ്ഗ ലേബർ സൊസൈറ്റി രൂപീകരിക്കുക
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഏർപ്പെടുത്തൽ
- വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ
- തുടർ സാക്ഷരതാ പ്രവർത്തനം
- പട്ടികവർഗ്ഗ അദ്ധ്യാപക നിയമനം
- ഊര് വിദ്യാലയം ശക്തിപ്പെടുത്തൽ
- ചികിത്സാ സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ

# 9 ആരോഗ്യം

സാധാരണക്കാരും ആദിവാസികളും, തോട്ടം തൊഴിലാളികളും തിങ്ങി താമസിക്കുന്ന മേപ്പാടി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ ചികിത്സയ്ക്കായി ആശ്രയിക്കുന്നത് മേപ്പാടിയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഫാമിലി ഹെൽത്ത് സെന്ററിനെയാണ്. പഴമക്കാർ ഇപ്പോഴും പഞ്ചായത്ത് ആശുപത്രിയെന്നാണ് സംബോധന ചെയ്യുന്നത്. ആരോഗ്യ രംഗത്ത് നമ്മൾ വളരെയേറെ മുന്നേറിയെങ്കിലും അത് സുസ്ഥിരമായി നിലനിർത്തുന്നതിന് നമ്മുക്ക് കഴിഞ്ഞിട്ടില്ല. വളരെ ചെറുപ്പത്തിൽ തന്നെ പ്രമേഹം, രക്ത സമ്മർദ്ദം, കൊളസ്ട്രോൾ തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ പിടിപ്പെടുന്നു. തോട്ടം മേഖലയിലെ അമിതമായ കീടനാശിനി പ്രയോഗം മൂലം ക്യാൻസർ മുതലായ മാരക രോഗങ്ങൾ വ്യാപകമാകുന്നു. ചികിത്സയ്ക്കായി തങ്ങളുടെ ജീവിതകാല സമ്പാദ്യം മുഴുവനായും നഷ്ടപ്പെടുത്തേണ്ടുന്ന സ്ഥിതിയാണ്. മേപ്പാടി എഫ്.എച്ച്.സി യിൽ എം.എസ്.ഡി.പി പദ്ധതിയിൽ നിർമ്മിച്ച പുതിയ കെട്ടിടം വന്നതോടെ കുറെയേറെ സൗകര്യങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. മേപ്പാടി ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള

മൊബൈൽ ആയുർവ്വേദ ഡിസ്പൻസറിയും, ഹോമിയോ ഡിസ്പെൻസറിയും പരിമിതമായ സൗകര്യങ്ങളോടുകൂടിയാണ് പ്രവർത്തിക്കുന്നതെങ്കിലും, രോഗികൾക്കും, വയോജനങ്ങൾക്കുമെല്ലാം വലിയൊരു ആശ്വാസമാണ്. മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പാലിയേറ്റിവ് കെയർ യൂണിറ്റും വർഷങ്ങളായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജ്യോതി പെയിൻ ആന്റ് പാലിയേറ്റിവ് കെയർ സൊസൈറ്റിയും സാന്ത്വന പരിചരണ രംഗത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. ഹെൽത്ത് ഗ്രാന്റ് പദ്ധതി പ്രകാരം പുതുതായി നാല് ഹെൽത്ത് സെന്ററുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആംരഭിച്ചിട്ടുണ്ട്.

## പരിഹാര സാധ്യതകൾ

- മേപ്പാടി എഫ്.എച്ച്.സി യിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
- സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്ക്കരിക്കുക
- പ്രസവ ചികിത്സയടക്കം ലഭ്യമാക്കുക
- ആയുർവ്വേദ ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
- ആയുർവ്വേദ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്ക്കരിക്കുക
- ആയുർവ്വേദ ഡിസ്പെൻസറിയും, മൊബൈൽ യൂണിറ്റും രണ്ട് യൂണിറ്റായി വേർതിരിക്കുക
- ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് സൗകര്യം ഏർപ്പെടുത്തുക
- തുടർ ചികിത്സ ആവശ്യമായ രോഗികൾക്ക് കുറഞ്ഞത് ഒരാഴ്ച്ചത്തേയ്ക്കുള്ള മരുന്ന് ലഭ്യമാക്കുക
- ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക
- ഹോമിയോ ഡിസ്പെൻസറിയിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്ക്കരിക്കുക
- ഹോമിയോ ഡിസ്പെൻസറിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

## 10 കുടിവെള്ളം – ശുചിത്വം

ജീവന്റെ നിലനിൽപ്പിന് അനിവാര്യമായ വസ്തുവാണ് ജലം. പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ കടന്നു കയറ്റം ശുദ്ധജല ലഭ്യതയിൽ കുറവ് വരുത്തിയിട്ടുണ്ട്. പ്രകൃതി നമ്മുക്ക് കനിഞ്ഞു നൽകിയ പുഴകളും, തോടുകളും, നീരുറവകളും വറ്റി വരളുകയും ഭൂഗർഭജല നിരപ്പ് ക്രമാതീതമായി താഴുകയും ചെയ്തപ്പോഴാണ് വരൾച്ചയുടെ കാഠിന്യം നാം മനസ്സിലാക്കിയത്. ഏറ്റവും വലിയ ജലസംഭരണിയാണ് നമ്മുടെ വയലുകൾ. വിവിധ കാരണങ്ങളാൽ വയലുകളുടെ വിസ്തൃതിയിൽ ശോഷണം സംഭവിച്ചു. ഇനിയെങ്കിലും നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ ജലമൊരു കിട്ടാക്കനിയായി മാറും. മേപ്പാടി ഗ്രാമപഞ്ചായത്തിൽ പൊതുവെ കുടിവെള്ളത്തിന് ദൗർലഭ്യമുള്ളതാണ്. ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച കുടിവെള്ള പദ്ധതിയാണ് ഇന്നും മേപ്പാടി ടൗണിൽ നിലവിലുള്ളത്. വാട്ടർ അതോറിറ്റിയുടെ കീഴിലായിരുന്ന ഈ പദ്ധതി 2001 ൽ മേപ്പാടി ഗ്രാമപഞ്ചായത്തിന് കൈമാറി. ഈ പദ്ധതിയിൽ വേനൽക്കാലത്ത് ഉണ്ടാകുന്ന രൂക്ഷമായ ക്ഷാമം വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. മറ്റു പ്രദേശങ്ങളിൽ കൂടുതലും സ്വകാര്യ കിണറുകളും, പൊതു കിണറുകളും , ചെറുകിട കുടിവെള്ള പദ്ധതികളുമാണ് ജനങ്ങൾ ആശ്രയിക്കുന്നത്. ഇവിടങ്ങളിലും വേനൽക്കാലങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുണ്ട്. മേപ്പാടി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്നതിന് വേണ്ടി 2015 ൽ മേപ്പാടി - മൂപ്പൈനാട് - വൈത്തിരി ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നബാർഡിന്റെ സഹായത്തോടെ പ്രഖ്യാപിച്ച കുടിവെള്ള

പദ്ധതിയുടെ പ്രവർത്തനം ഇന്നും പാതിവഴിയിൽ നിൽക്കുകയാണ്. ജലജീവൻ മിഷൻ പദ്ധതി കാലതാമസമില്ലാതെ പൂർത്തിയാവുമെന്നും ഗ്രാമപഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും കുടിവെള്ളം ലഭ്യമാകുമെന്നും പ്രത്യാശിക്കുന്നു.

മേപ്പാടി ഗ്രാമപഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് മാലിന്യം. വ്യക്തി ശുചിത്വത്തിൽ ശ്രദ്ധിക്കുന്ന നമ്മൾ പലപ്പോഴും പരിസര ശുചിത്വത്തിൽ ശ്രദ്ധിക്കാറില്ല. ഗാർഹിക മാലിന്യങ്ങളും, വ്യാപാര സ്ഥാപനങ്ങളിലെ മാലിന്യങ്ങളും പൊതുയിടങ്ങളിൽ നിക്ഷേപിക്കുന്ന പ്രവണത ഇപ്പോഴും കണ്ടുവരുന്നു. ഏറ്റവും വലിയ ഭീഷണിയായി നിലനിൽക്കുന്നത് പ്ലാസ്റ്റിക് മാലിന്യങ്ങളാണ്. കേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിന് ഒട്ടേറെ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിയുന്നില്ല എന്നതാണ്. സംസ്ഥാന ശുചിത്വ മിഷന്റെ സഹായത്തോടെ ഹരിത കർമ്മസേനയുടെ നേതൃത്വത്തിൽ മാലിന്യങ്ങൾ ശേഖരിച്ച് ശുചിത്വ മിഷന് കൈമാറുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഇതൊന്നും മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരമാകുന്നില്ല. ജനങ്ങളിൽ ബോധവത്ക്കരണം നടത്തി മാലിന്യ മുക്ത പഞ്ചായത്ത് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കണം.

## പരിഹാര സാധ്യതകൾ

- സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുക
- ജലസ്രോതസ്സുകളുടെ സംരക്ഷണം
- ചെറുകിട കുടിവെള്ള പദ്ധതികൾ
- നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ സംരക്ഷണം
- ഉറവിട മാലിന്യ സംസ്ക്കരണം
- മാലിന്യ സംസ്ക്കരണ പ്ലാന്റ്
- മാലിന്യം തരംതിരിച്ച് ശേഖരിക്കൽ, പുനഃചംക്രമണ സംവിധാനം
- ഹരിത കർമ്മസേനയുടെ സംവിധാനം ശക്തിപ്പെടുത്തൽ
- പ്ലാസ്റ്റിക് ക്യാരിബാഗ് നിരോധനം
- പേപ്പർ - തുണി ബാഗ് പ്രോത്സാഹിപ്പിക്കുക
- ആധുനിക അറവുശാല
- പൊതു ശ്മശാനം

## 11 വിദ്യാഭ്യാസം – കല – സംസ്ക്കാരം – യുവജനം

വലുപ്പംകൊണ്ടും, ജനസംഖ്യകൊണ്ടും കേരളത്തിലെ ഏറ്റവും വലിയ പഞ്ചായത്തുകളിൽ ഒന്നാണ് മേപ്പാടി ഗ്രാമപഞ്ചായത്ത്. വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് മേപ്പാടി ഗ്രാമപഞ്ചായത്ത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു ഗവൺമെന്റ് പോളി ടെക്നിക്ക് ഒഴികെ മറ്റൊരു സ്ഥാപനവും മേപ്പാടി ഗ്രാമപഞ്ചായത്തിലില്ല. ഗവൺമെന്റ് മേഖലയിൽ

2 ഹയർ സെക്കണ്ടറി സ്‌ക്കൂളുകളും, സ്വകാര്യമേഖലയിൽ 1 ഹയർ സെക്കണ്ടറി സ്‌ക്കൂളുമടക്കം 3 ഹയർ സെക്കണ്ടറി സ്‌ക്കൂളും ഒരു ഗവൺമെന്റ് ഹൈ സ്‌ക്കൂളുമാണുള്ളത്. സർക്കാർ മേഖലയിൽ 2 യൂപി സ്‌ക്കൂളും, അതിലൊന്ന് തമിഴ് മീഡിയവും, അൺഎയ്‌ഡഡ് മേഖലയിൽ ഒരു യൂ.പി സ്‌ക്കൂളും പ്രവർത്തിക്കുന്നു. 6 എൽ.പി സ്‌ക്കൂളുകൾ സർക്കാർ മേഖലയിലും, 1 എൽ.പി സ്‌ക്കൂളുകൾ എയ്‌ഡഡ് മേഖലയിലും പ്രവർത്തിക്കുന്നു. സർക്കാർ മേഖലയിൽ ഒരു ബഡ്‌സ് സ്‌ക്കൂളും, എയ്‌ഡഡ് മേഖലയിൽ ഒരു സ്‌പെഷ്യൽ സ്‌ക്കൂളും പ്രവർത്തിക്കുന്നു. സ്വകാര്യമേഖലയിൽ ഒരു ഹൈസ്‌ക്കൂളും, 2 യൂ.പി സ്‌ക്കൂളും പ്രവർത്തിക്കുന്നു. ബിരുദ ബിരുദാനന്തര കോഴ്‌സുകൾക്കായി കൽപ്പറ്റ, ബത്തേരി, മാനന്തവാടി, മീനങ്ങാടി, പുൽപ്പള്ളി എന്നിവിടങ്ങളിലെയും, അയൽ ജില്ലകളിലെയും, അയൽ സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. പ്രൊഫഷണൽ കോഴ്‌സുകൾക്കായി അന്യ സംസ്ഥാനങ്ങളെയും, അന്യ ജില്ലകളെയും ആശ്രയിക്കേണ്ടിവരുന്നു. മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിന്റെ ആഘാതത്തിൽ ചൂരൽമല വൊക്കേഷണൽ ഹയർസെക്കണ്ടറി സ്‌കൂളും മുണ്ടക്കൈ എൽ.പി സ്‌കൂളും താൽക്കാലികമായി മേപ്പാടിയിലേക്ക് മാറ്റിയിരിക്കുകയാണ്.

മേപ്പാടി ഗ്രാമപഞ്ചായത്ത് കലാ രംഗത്ത് എടുത്തു പറയത്തക്ക മുന്നേറ്റം ഉണ്ടായിട്ടില്ല. നാടക രംഗത്ത് പ്രവർത്തിച്ചിരുന്ന സാന്ദ്രാ തിയേറ്റേഴ്‌സ് ഇപ്പോൾ പ്രവർത്തന രഹിതമാണ്. ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് മേപ്പാടിയിൽ ആരംഭിച്ച നൃത്ത-സംഗീത പഠന കേന്ദ്രം കലാ സാംസ്‌കാരിക രംഗത്ത് വലിയ മുന്നേറ്റം കുറിച്ചിരുന്നു. എന്നാൽ അതിന്റെ തുടർ പ്രവർത്തനങ്ങളില്ലാതെ വിദ്യാലയം അടച്ചുപൂട്ടി. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് അത് പുനസ്ഥാപിക്കാൻ ശ്രമം നടന്നെങ്കിലും അത് നടന്നില്ല. ഒട്ടേറെ പരമ്പരാഗത ഗോത്ര കലകൾ വേണ്ടത്ര പരിഗണനയും, പ്രോത്സാഹനവും ലഭിക്കാതെ ഇല്ലാതായി പോകുന്ന അവസ്ഥയുണ്ട്. സാംസ്‌കാരിക രംഗത്ത് പ്രവർത്തിക്കുന്ന ഒട്ടേറെ ലൈബ്രറികൾ, വായനശാലകൾ, ക്ലബ്ബുകൾ തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ടെങ്കിലും കാര്യമായ സാംസ്‌കാരിക പ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല. ആകെ നടക്കുന്നത് കേരളോത്സവം പോലുള്ള പ്രവർത്തനങ്ങൾ മാത്രമാണ്.

ഫൂട്‌ബോൾ രംഗത്ത് നിരവധി സംസ്ഥാന-ദേശീയ താരങ്ങളെ സംഭാവന ചെയ്‌ത പ്രദേശമാണ് മേപ്പാടി. കായിക രംഗത്ത് മേപ്പാടിക്ക് അറിയപ്പെടുന്ന സ്ഥാനമാണുള്ളത്. ജനങ്ങളുടെ കായികവും, മാനസികവുമായ ആരോഗ്യം ഉറപ്പുവരുത്തുന്നതിനും, ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിലും കായിക രംഗത്തിന് വളരെ വലിയ പ്രാധാന്യമാണുള്ളത്. പഞ്ചായത്തിൽ സ്‌ക്കൂൾ ഗ്രൗണ്ടുകൾ അല്ലാതെ നല്ലനിലയിലുള്ള ഒരു സ്റ്റേഡിയം പോലും നിലവിലില്ല. കായിക രംഗത്തെ പ്രോത്സാഹനത്തിനായി മുൻകാലങ്ങളിൽ പദ്ധതി നടപ്പിലാക്കിയിരുന്നെങ്കിലും തുടർ പ്രവർത്തനങ്ങളും വ്യക്തമായ കാഴ്ചപ്പാടുകളും ഇല്ലാത്തതിന്റെ പേരിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ നിരവധി സ്‌പോർട്‌സ് ക്ലബ്ബുകൾ ഉണ്ടെങ്കിലും പഞ്ചായത്ത് തലത്തിൽ നടത്തുന്ന കേരളോത്സവം പോലുള്ള മേളകളിൽ ക്രിക്കറ്റ്, ഫൂട്‌ബോൾ മത്സരങ്ങൾക്കല്ലാതെ മറ്റു അത്‌ലറ്റിക് മത്സരങ്ങളിൽ കാര്യമായ പങ്കാളിത്തം ഉണ്ടാവാറില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സോക്കർമാനിയ ഫുട്ബോൾ അക്കാദമിയും, യുവജന ക്ലബ്ബുകളുടെ നേതൃത്വത്തിൽ ഒരു ഫുട്ബോൾ ടീമും രൂപീകരിച്ചു. 2023-24, 24-25, 25-26, 26-27 വർഷങ്ങളിൽ കുട്ടികളെ ലക്ഷ്യമിട്ടുകൊണ്ട് ഗോൾഡൻ ബൂട്ട് ഫുട്ബോൾ തുടർ പരിശീലനത്തിന് തുക വകയിരുത്തി നടപ്പിലാക്കിയിരുന്നു.

## പരിഹാര സാധ്യതകൾ

- വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ ഫണ്ട് വകയിരുത്തുക

- വിദ്യാലയങ്ങളിൽ പൊതു ജനങ്ങൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക
- സ്ക്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക
- ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തുക
- സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
- അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം കുറയ്ക്കുക
- പട്ടികവർക്ഷ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യത്തിനായി ഗോത്ര സാരഥി പദ്ധതി നടപ്പിലാക്കുക
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുക
- പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായി പഠനോപകരണം വിതരണം ചെയ്യുക
- പന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക അദ്ധ്യാപനം
- അങ്കണവാടി പ്രീ സ്ക്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക
- അങ്കണവാടി- പ്രീ സ്ക്കൂൾ ശിശു കേന്ദ്രീകൃതമാക്കൽ
- ആദിവാസി വിഭാഗത്തിന് പ്രീ സ്കൂൾ

# 12 പൊതുമരാമത്ത്

മേപ്പാടി ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ചുണ്ടേൽ- ചോലാടി സംസ്ഥാന പാതയും, കൽപ്പറ്റ - മേപ്പാടി, മേപ്പാടി - ചൂരൽമല, മേപ്പാടി - മുട്ടിൽ, എന്നീ പാതകളാണ് പൊതു മരാമത്ത് വകുപ്പിന്റെതായുള്ളത്. വികസന രംഗത്ത് ഏറെ ശ്രദ്ധിക്കപ്പെടുന്നതും ജനങ്ങൾ ആശ്രയിക്കുന്നതും പശ്ചാത്തല വികസനമാണ്. പഞ്ചായത്തിന്റെ ആസ്തികളിലേറെയും റോഡുകളും, കെട്ടിടങ്ങളുമാണ്. അവയുടെ സംരക്ഷണത്തിനും, ആസ്തി വികസനത്തിനുമായി ഒട്ടേറെ പദ്ധതികൾ വർഷാവർഷം നടപ്പിലാക്കുന്നുണ്ടെങ്കിലും ജനങ്ങളുടെ ആഗ്രഹത്തിനൊത്ത് എല്ലാ പ്രദേശങ്ങളിലെയും പശ്ചാത്തല വികസനം നടക്കാറില്ലായെന്നത് യാഥാർത്ഥ്യമാണ്. മേപ്പാടി പഞ്ചായത്തിന്റെ ഭൂവിസ്തൃതിയിൽ 40% ഓളം വനവും, വൻകിട തോട്ടങ്ങളുമാണ്. അതിനാൽ തന്നെ പശ്ചാത്തല വികസനത്തിൽ ഭൂമിയുടെ ലഭ്യത വളരെ കുറവാണ്. വനം വകുപ്പും തോട്ടം ഉടമകളും പലപ്പോഴും ഇക്കാര്യത്തിൽ പ്രതിസന്ധി സൃഷ്ടിക്കാറുണ്ട്. മേപ്പാടി ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ ഏറെയും 3 മീറ്ററിനും, 6 മീറ്ററിനും ഇടയിൽ വീതിയുള്ളവയാണ്. വർഷന്തോറും ലഭിക്കാറുള്ള പദ്ധതി വിഹിതവും, റോഡ് മെയിന്റനൻസ് ഗ്രാന്റും, ധനകാര്യ കമ്മിഷൻ ഗ്രാന്റിലെ അൺടൈഡ് വിഹിതവും ഭൂരിഭാഗവും ചെലവഴിക്കുന്നത് റോഡുകളുടെയും നടപ്പാതകളുടെയും വികസനത്തിനാണ്. വർഷന്തോറും നടപ്പിലാക്കുന്ന പദ്ധതികളുടെ എണ്ണമെടുത്താൽ 70% പദ്ധതികളും പശ്ചാത്തല മേഖലയിലാണ്. എന്നിട്ടും പശ്ചാത്തല മേഖലയിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ നമ്മുക്ക് കഴിയുന്നില്ല. കെട്ടിടങ്ങൾ എന്ന നിലയിൽ പഞ്ചായത്ത് ഓഫീസ് സമുച്ചയവും, സാംസ്കാരിക നിലയങ്ങളും, ഷോപ്പിംഗ് കോംപ്ലക്സുകളും, ബസ് സ്റ്റോപ്പുകൾ, മാർക്കറ്റ് തുടങ്ങിയവയും, വിട്ടുക്കിട്ടിയ സ്ഥാപനങ്ങളും തുടങ്ങിയവയാണ്. ഇതിൽ പലതും അറ്റകുറ്റ പണി നടത്തി സംരക്ഷിക്കേണ്ടതുണ്ട്. ഊർജ്ജരംഗത്ത് മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ സംരംഭങ്ങൾ ഒന്നും തന്നെയില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കിയ മേപ്പാടി ഗ്രാമപഞ്ചായത്ത് ഓഫീസിന് മുകളിലുള്ള സോളാർ പ്ലാന്റ് മാത്രമാണ് ചെറിയ ഒരു സംരംഭം. വന പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന ഭാഗങ്ങളാണ് പഞ്ചായത്തിൽ കൂടുതലും. ഈ പ്രദേശങ്ങളിൽ വന്യമൃഗ ശല്യം വളരെ രൂക്ഷമാണ്. ഈ ഭാഗങ്ങളിലും, മറ്റു പ്രദേശങ്ങളിലും തെരുവ് വിളക്കുകൾ വളരെ അത്യാവശ്യമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷ 2022-23 വാർഷിക

പദ്ധതിയിലുൾപ്പെടുത്തി ബഹുവർഷ പദ്ധതിയായി ആയിരം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചത് ഈ മേഖലയിലെ എടുത്തു പറയത്തക്ക നേട്ടമാണ്. 2023-24, 2024-25, 25-26 വർഷങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ പരിപാലിക്കുന്നതിന് ഭരണ സമിതി മുന്തിയ പരിഗണന നൽകിവരുന്നുണ്ട്. തൻവർഷവും 10 ലക്ഷം രൂപയ്ക്കുള്ള പദ്ധതി വകയിരുത്തിയിട്ടുണ്ട്.

**പരിഹാര സാധ്യതകൾ**

- പശ്ചാത്തല മേഖലയിലേക്ക് കൂടുതൽ തുക വകയിരുത്തുക
- വിഭവ സമാഹരണം ഊർജ്ജിതപ്പെടുത്തുക
- വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുക
- മേപ്പാടിയിൽ ബൈപ്പാസ് റോഡ് നിർമ്മിക്കുക
- റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ ഡ്രൈനേജും ഉൾപ്പെടുത്തുക
- നിർമ്മാണ പ്രവർത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുക
- പഞ്ചായത്തിന്റെ ആസ്തികളായ കെട്ടിടങ്ങൾ അറ്റകുറ്റ പണി നടത്തി സംരക്ഷിക്കുക
- മേപ്പാടി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പണി പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്നുകൊടുക്കുക
- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക
- പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുക
- മേപ്പാടി ടൗൺ സൗന്ദര്യവത്ക്കരണം നടത്തുക
- ടൗണിൽ ഹൈമാസ്റ്റ്- ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുക

അദ്ധ്യായം 4

# വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ തന്ത്രം

മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിര വികസനമാണ് പതിനാലാം പദ്ധതിയിൽ ലക്ഷ്യമിടുന്നത്. സാമൂഹ്യ വികസന രംഗത്ത് നാം ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതിന് സുസ്ഥിരമായ സാമ്പത്തിക വളർച്ച ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിന് സാമ്പത്തിക വ്യവസ്ഥ വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷിക്കരിക്കണം. ആധുനിക വൈജ്ഞാനിക മേഖലകളുടെ പിൻബലത്തോടെ ഉൽപ്പാദന വ്യവസ്ഥകളെ പുനരുജ്ജീവിപ്പിക്കുന്നതിനാണ് പ്രാധാന്യം നൽകേണ്ടത് . മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിര വികസനം എന്നത് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പുത്തുന്നതിൽ മാത്രമല്ല, ജനങ്ങളുടെ സാമൂഹിക സാമ്പത്തിക നിലവാരം ഉയർത്തുന്നതിനും കേന്ദ്രീകരിച്ചുള്ള സമഗ്രമായ ഒരു പ്രക്രിയയാണ്. പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യങ്ങളും പ്രകൃതിദത്ത സമ്പത്തുകളും പരിഗണിച്ച് ജനകീയ പങ്കാളിത്തം ഉറപ്പാക്കി പദ്ധതികൾ രൂപീകരിക്കലാണ് പ്രധാന ലക്ഷ്യം. വികസന പ്രവർത്തനങ്ങൾ ഗ്രാമസഭകളുടയും വർക്കിംഗ് ഗ്രൂപ്പുകളുടെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വികസന സെമിറുകളിലൂടെയാണ് രൂപരേഖ നൽകുന്നത്. കാർഷിക വികസനം, കുടിവെള്ളം, റോഡ് സൗകര്യം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, വനിത ശിശുക്ഷേമം,വയോജനങ്ങൾ, ഭിന്നശേഷി തുടങ്ങിയ മേഖലകളിൽ മുൻഗണന നൽകി പ്രവർത്തനം നടപ്പിലാക്കുന്നു. പഞ്ചായത്തിന്റെ വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിച്ച് എല്ലാവർക്കും സമാനമായ വികസന ഫലങ്ങൾ ലഭ്യമാക്കുക എന്നതാണ് ഭരണസമിതിയുടെ ദൗത്യം. ജനങ്ങളുടെ സഹകരണം, സുതാര്യത, ഉത്തരവാദിത്വം എന്നീ മൂല്യങ്ങൾ മുൻനിർത്തായണ് വികസന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. നമ്മുടെ നാട് ഇന്നേവരെ ആർജിച്ചിട്ടുള്ള സാമൂഹിക സാമ്പത്തിക വികസനത്തിന് കാരണമായ ഘടകങ്ങളെ ശക്തിപ്പെടുത്തുകയും സാമൂഹ്യനിതിയിലധിഷ്ഠിതമായ വികസനം ഉറപ്പുവരുത്തുകയും വേണം. ഇതിനായി നമ്മുടെ പ്രകൃതി വിഭവങ്ങളെ ശ്രദ്ധയോടെ ഉപയോഗിക്കുകയും മനുഷ്യവിഭവങ്ങൾ വൻതോതിൽ വർദ്ധിപ്പിക്കുയും ചെയ്യേണ്ടതുണ്ട്. കൃഷി മൃഗസംരക്ഷണം മത്സ്യബന്ധനം ക്ഷീരവികസനം എന്നീ മേഖലകളിൽ ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനും വ്യവസായം, ചെറുകിട വ്യവസായം, ടൂറിസം, ഊർജ്ജം, ഗതാഗതം, മറ്റ് സേവനങ്ങൾ എന്നീ മേഖലകളിൽ കൂടിയ തോതിലുള്ള വളർച്ച കൈവരിക്കലുമാണ് പതിനാലാം പദ്ധതിയിൽ ലക്ഷ്യമിടുന്നത്.

പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിനായി ദീർഘകാല പദ്ധതികളും ജനങ്ങൾക്ക് ആശ്വാസമേകുന്ന ഹ്രസ്വകാല പദ്ധതികളും അടങ്ങുന്ന ദ്വിമുഖവികസന സമീപനമാണ്. പതിനാലാം പദ്ധതിയിൽ സ്വീകരിക്കുന്നത്. സാമൂഹ്യനീതിയും പരിസ്ഥിതി സംരക്ഷണവും ഉറപ്പുവരുത്തിയും എല്ലാവിഭാഗം ജനങ്ങളടെയും സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമാക്കുന്ന വികസന തന്ത്രമാണ് പഞ്ചായത്ത് ഭരണ സമിതി ആവിഷ്കരിപ്പിച്ചിരിക്കുന്നത്. ഉൽപ്പാദന മേഖലകൾക്ക് ഊന്നൽ നൽകി കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമാണ്. മുന്തിയ പരിഗണന നൽകിയിരിക്കുന്നത്. വരുമാന ദായക സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ ഗ്രൂപ്പുകൾ സ്വയം സഹായ സംഘങ്ങൾ എന്നിവർക്ക് മുന്തിയ പരിഗണന നൽകും. സേവന മേഖലയിൽ അനിവാര്യവകയിരുത്തലുകൾ കൂടാതെ കുടിവെള്ളം, ശുചിത്വം, മാലിന്യസംസ്ക്കണം എന്നിവയ്ക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. പശ്ചാത്തല മേഖലയിൽ വികസന പ്രവർത്തനങ്ങൾ അനവധിയാണ്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കാൻ ഒറ്റയടിക്ക് സാധിക്കില്ലെങ്കിലും എല്ലാ പ്രദേശങ്ങൾക്കും തുല്യ പരിഗണ നൽകി പരമാവധി വികസനം എത്തിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തികൊണ്ടിരിക്കുന്നത്.

## 1. പൊതുഭരണം

കാര്യക്ഷമവും ജനോപകാരപ്രദവുമായ ഒരു ഭരണത്തിന്റെ മൂന്നുപാധികളാണ് സുതാര്യതയും ജനപങ്കാളിത്തവും. ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ ആസൂത്രണ സമിതി തുടങ്ങിയ ജനകീയ വേദികളുടെ ഇടപെടൽ ശക്തമാക്കണം. പൊതുജന

ങ്ങളുടെ പരാതികൾ കേൾക്കാനും പരിഹാരം കാണാനും മാസത്തിലൊരിക്കൽ ജനപ്രതിനിധികളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും യോഗം ചേരുക, പൗരാവകാശ രേഖ, സേവനാവകാശ നിയമം, വിവരാവകാശ നിയമം എന്നിവയുടെ അന്തസത്ത ഉൾക്കൊണ്ട് പ്രവർത്തിക്കുക, ഭരണ രംഗത്ത് ശാസ്ത്ര സാങ്കേതിക വിദ്യ പരമാവധി ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യം. ഭരണ സംവിധാനം ജനങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കുന്നതിന് വാർഡിന്റെ ആസ്ഥാനമായി ഗ്രാമകേന്ദ്രങ്ങൾ മാറണം. ഗ്രാമകേന്ദ്രങ്ങൾകൂടി കമ്പ്യൂട്ടർ വൽക്കരിച്ചുകൊണ്ട് അപേക്ഷകൾ ഓൺലൈൻ വഴി നൽകുക, പഞ്ചായത്ത് ഓഫീസിലെ തിക്കും തിരക്കും ഒഴിവാക്കിയും അനാവശ്യ പേപ്പർ നടപടി ക്രമങ്ങൾ ഒഴിവാക്കിയും മികച്ച സേവനം കുറഞ്ഞ സമയത്തിനുള്ളിൽ പൊതുജനങ്ങൾക്കു ലഭ്യമാക്കുകയെന്നതാണ് ഈ മേഖലയിൽ സ്വീകരിക്കാവുന്ന വികസന തന്ത്രം. ഫയൽ നീക്കം SMS വഴി അറിയാനും സൗകര്യമുണ്ടാകും.

പദ്ധതികളുടെ മോണിറ്ററിംഗ് ശക്തമാക്കിക്കൊണ്ട് പ്രവൃത്തികൾ സുതാര്യവും അഴിമതി രഹിതവുമാക്കുകയും സോഷ്യൽ ഓഡിറ്റ് നടത്തി പൊതു ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യും. നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന പ്രവൃത്തികൾ നടക്കുന്ന സൈറ്റിൽ അവയുടെ വിശദാംശങ്ങൾ പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കും. പദ്ധതി നിർവ്വഹണം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് ഒരു സമയ പട്ടിക തയ്യാറാക്കി ഓരോ നിർവ്വഹണ ഘട്ടത്തിലെയും പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്ന വികസന തന്ത്രമായിരിക്കും സ്വീകരിക്കുക.

| പ്രോജക്ടുകളുടെ എണ്ണം | വികസന ഫണ്ട് ജനറൽ | തനത് ഫണ്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 20 | 112500 | 1350000 | 1445000 | 3920000 |

## 2. കൃഷി അനുബന്ധമേഖല

പരിസ്ഥിതിയും ജൈവ വൈവിധ്യവും സംരക്ഷിച്ചുകൊണ്ടുള്ള കാർഷിക വികസ തന്ത്രമായിരിക്കും പതിനാലാം പഞ്ചവത്സര പദ്ധതി സ്വീകരിക്കുക. തോട്ടം മേഖല കഴിഞ്ഞാൽ മേപ്പാടി പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിക്കുന്ന പ്രധാന മേഖലയാണ് കാർഷിക മേഖല. കാർഷിക മേഖലയിൽ കർഷകരുടെ ക്ഷേമം ഉറപ്പാക്കുന്ന വികസന തന്ത്രമായിരിക്കും സ്വീകരിക്കുക. കാപ്പി, ഏലം, കുരുമുളക്, ഇഞ്ചി, വാഴ, കവുങ്ങ് തുടങ്ങിയ വിളകളുടെ സമ്മിശ്ര കൃഷിയാണ് പുരയിടങ്ങളിൽ അധികവും. വയലുകളിൽ നെൽകൃഷി തന്നെ കുറവാണ്. ഒരു കാലത്ത് സമൃദ്ധമായ നെൽകൃഷി ഉണ്ടായിരുന്നിടത്ത് ഇന്ന് മറ്റെവിടെയും പോലെ മേപ്പാടി പഞ്ചായത്തിലും നെൽവയവുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. റവന്യൂ രേഖ പ്രകാരം 557.5 ഹെക്ടർ സ്ഥലം നിലം ആണെങ്കിലും ഇപ്പോൾ 100 ഹെക്ടർ നെൽകൃഷിക്ക് ഇപ്പോഴും അനുയോജ്യമാണ്. ബാക്കി സ്ഥലങ്ങളൊക്കെയും മറ്റു കൃഷിക്കും കാർഷികേതര ആവശ്യങ്ങൾക്കായി തരം മാറ്റി ഉപയോഗിക്കുന്നവയുമാണ്. കർഷക തൊഴിലാളികളുടെ അഭാവവും ഉയർന്ന ഉൽപ്പാദനച്ചെലവും കർഷകരെ നെൽകൃഷിയിൽ നിന്നും അകറ്റി. പ്രകൃതി കനിഞ്ഞു നൽകിയ വരദാനമാണ് ജലസംഭരണി കൂടിയായ നെൽവയലുകൾ. നെൽകൃഷി കുറഞ്ഞതോടെ നമ്മുടെ ഭൂഗർഭജലവിതാനവും ക്രമാതീതമായി താഴ്ന്നു. ഈ നില തുടർന്നാൽ താമസിയാതെ കടുത്ത വരൾച്ചയെ നാം അഭിമുഖീകരിക്കേണ്ടിവരും. ഭക്ഷ്യ ക്ഷാമം അതി രൂക്ഷമാകും. നിലവിലുള്ള വയലുകളെങ്കിലും സംരക്ഷിക്കുകയും നെല്ലുൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുകയും വേണം.

മുൻകാലങ്ങളിലൊക്കെയും നെൽകൃഷിക്ക് പ്രാധാന്യം നൽകാറുണ്ടെങ്കിലും കർഷകന്റെ ഉൽപ്പാദന ചെലവിന് ആശ്വാസം പകരുന്നതിനപ്പുറം ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിക്കാറില്ല. നിലം ഒരുക്കൽ മുതൽ കാർഷികവൃത്തികൾ ഒരുമിച്ച് ഒരേ സമയം ചെയ്യുന്നതിലൂടെ കൃഷിചെലവ് ഗണ്യമായി കുറയ്ക്കാൻ സാധിക്കും. പാടശേഖര സമിതിയുടെ നേതൃത്വത്തിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുകയാണ് ലക്ഷ്യം. നെൽകൃഷി ഒരു ജലസംരക്ഷണ പ്രവർത്തനമാണ്. നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും തൊഴിലാളി ക്ഷാമം നേരിടുന്നിടത്ത് യന്ത്രവൽക്കരണം നടപ്പാക്കിയും ഘട്ടം ഘട്ടമായി നെൽകൃഷിയുടെ വിസ്തൃതിയും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിച്ചുകൊണ്ട് നെല്ലുൽപ്പാദനം ഇന്നത്തെ 332 ടണ്ണിൽ നിന്നും 1000 ടണ്ണായി ഉയർത്തുകയെന്നതാണ് മറ്റൊരു തന്ത്രം.

നിലവിൽ നെൽകൃഷിയുള്ള പ്രദേശമാണ് തൃക്കൈപ്പെറ്റ. പട്ടികവർഗ്ഗക്കാരും വയനാടൻ ചെട്ടി സമുദായത്തിൽപ്പെട്ടവരും സാധാരണയായി പരമ്പരാഗത നെല്ലിനങ്ങളാണ് ഇവിടെ കൃഷി ചെയ്യുന്നത്. ഈ പ്രദേശത്തെ പരമ്പരാഗത നെൽവിത്തിനങ്ങൾ ജൈവരീതിയിൽ സംരക്ഷിച്ചുകൊണ്ട് പരമ്പരാഗത കാർഷിക ജൈവവൈവിദ്ധ്യ ഗ്രാമമായി മാറ്റുകയാണ് ലക്ഷ്യം. അതുവഴി ഗവേഷണ തൽപ്പരരെയും ടൂറിസ്റ്റുകളെയും ഇവിടേയ്ക്ക് ആകർഷിക്കാൻ കഴിയും. വയനാടിന്റെ തനത് ഇനങ്ങളായ ജീരകശാല, ഗന്ധകശാല തുടങ്ങിയ സുഗന്ധ നെല്ലിനങ്ങളുടെ കൃഷിയും കീടപ്രതിരോധ ശേഷിയുള്ള മറ്റ് നെല്ലിനങ്ങളുടെ കൃഷിയും വ്യാപിപ്പിക്കുക, ജില്ലാതലത്തിൽ നെൽകർഷകരുടെ ഒരു കമ്പനി രൂപീകരിക്കുക, അതിന്റെ നേതൃത്വത്തിൽ ഒരു ആധുനിക മില്ല് സ്ഥാപിച്ച് നെല്ല് കുത്തി അരിയാക്കി ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുക എന്നതാണ് ദീർഘകാല ലക്ഷ്യം.

ഉൽപാദന ക്ഷമത കുറഞ്ഞ കാപ്പിച്ചെടികൾ ഘട്ടം ഘട്ടമായി വെട്ടിമാറ്റി പുതിയ തൈകൾ നട്ടു പിടിപ്പിക്കുകയും അവ വളർന്ന് വലുതാവുന്നതുവരെ പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, വാഴ തുടങ്ങിയ ഹ്രസ്വകാല, വാർഷിക വിളകൾ കൃഷി ചെയ്യുന്ന സംയോജിത പുരയിടകൃഷി പദ്ധതി വ്യാപിപ്പിക്കുക, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കുരുമുളക് തോട്ടങ്ങളെ തിരിച്ചുപിടിക്കുക എന്ന സമീപനമാണ് കൈകൊള്ളുക.

പച്ചക്കറിയിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്നതാണ് മറ്റൊരു ലക്ഷ്യം. അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷമയമായ പച്ചക്കറികളാണ് നാമിന്ന് കൂടുതലായും ഉപയോഗിക്കുന്നത്. ഇതിന്റെ ഉപയോഗം ഒട്ടേറെ മാരക രോഗങ്ങൾ ക്ഷണിച്ചുവരുത്തുന്നുണ്ട്. ഇതിനു പരിഹാരം നമുക്കാവശ്യമായ പച്ചക്കറികൾ ജൈവ രീതിയിൽ ഇവിടെത്തന്നെ ഉൽപാദിപ്പിക്കുകയെന്നതാണ്. മഴമറ, പോളിഹൗസ് തുടങ്ങിയ ആധുനുക കൃഷിരീതിയിലൂടെ മഴക്കാലത്തും പച്ചക്കറി ഉൽപ്പാദിപ്പിക്കാം. അതിനു തയ്യാറായ വ്യക്തികളെയും ഗ്രൂപ്പുകളെയും കണ്ടെത്തി കൃഷി വകുപ്പിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുക, അടുക്കളത്തോട്ടം അല്ലെങ്കിൽ മട്ടുപ്പാവ് കൃഷി എല്ലാ വീടുകളിലും പ്രോത്സാഹിപ്പിക്കുക, കൂടാതെ വ്യക്തികൾ, ഗ്രൂപ്പുകൾ, ക്ലബ്ബുകൾ, വായനശാലകൾ, കുടുംബശ്രീ അയൽകൂട്ടങ്ങൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ വിഷരഹിത പച്ചക്കറികൾ കൃഷിചെയ്യുന്നതിന് പ്രോത്സാഹനം നൽകുക എന്നീ മാർഗ്ഗങ്ങളിലൂടെ പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന തന്ത്രമാണ് ഈ മേഖലയിൽ പ്രയോഗിക്കുക.

തരിശുകിടക്കുന്ന ഭൂമി കണ്ടെത്തി തൽപ്പരരായ കർഷകർ, കർഷക ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്ക് കൃഷി ചെയ്യുന്നതിനായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിട്ടുനൽകും. അതു വഴി മണ്ണും ജലവും ജൈവസമ്പത്തും സംരക്ഷിക്കുന്നതിനും തരിശുനിലങ്ങളും പുരയിടങ്ങളും മാലിന്യമുക്തമാക്കുന്നതിനും ഒരു പുത്തൻ കാർഷിക സംസ്ക്കാരം രൂപപ്പെടുത്തുന്നതിനും കഴിയും.

ധാരാളം ലവണങ്ങളും വൈറ്റമിനുകളുടെ അടങ്ങിയ പോഷക സമൃദ്ധമായ ഭക്ഷ്യവസ്തുവാണ് മത്സ്യം. വലിയ ചെലവില്ലാതെ വീടുകളിലും മത്സ്യകൃഷി ചെയ്യാവുന്നതാണ്. വലിയകുഴിയെടുത്ത് പ്ലാസ്റ്റിക് ഷീറ്റ് വിരിച്ച് വെള്ളം നിറച്ച് മത്സ്യം വളർത്തുന്നതിന് കഴിയും കൂടാതെ കുളങ്ങളിലും തോടുകളിലും മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വിളവെടുക്കുന്ന പദ്ധതിയും നടപ്പാക്കാവുന്നതാണ്.

കുടുംബത്തിന്റെ ആരോഗ്യ സംരക്ഷണത്തിനും സൗന്ദര്യ വർദ്ധനവിനും തേൻ ഉത്തമമാണ്. വാഴത്തോട്ടം, കാപ്പിത്തോട്ടം, വനത്തോട് ചേർന്നുള്ള പ്രദേശങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും സ്വന്തമായി പ്രത്യേകിച്ച് സ്ഥലമില്ലാത്തവർക്ക് വീടിനോട് ചേർന്നും തേനീച്ചകളെ വളർത്താം. വന്യമൃഗ ശല്യമുള്ളിടങ്ങളിൽ തേനീച്ച വളർത്തുന്നതുമൂലം വന്യമൃഗങ്ങളെ അകറ്റി നിർത്താനും സാഹായിക്കും.

കാർഷിക മേഖലയിൽ തൊഴിലുറപ്പ് പദ്ധതി പരമാവധി പ്രയോജനപ്പെടുത്താനാണ് ശ്രമിക്കുന്നത്. മണ്ണ്, ജലസംരക്ഷണം , നേഴ്സറി, വനവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് ഫലവൃക്ഷതൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുകയും പൊതു സ്ഥലങ്ങളിലും സ്വകാര്യ ഭൂമിയിലും നട്ടുപിടിപ്പിക്കുകയും ചെയ്തു വരുന്നു.

| പ്രോജക്ടുകളുടെ എണ്ണം | വികസന ഫണ്ട് ജനറൽ | തനത് ഫണ്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 3 | 4560000 | 0 | 2400000 | 6900000 |

## 3. മൃഗസംരക്ഷണം

മേപ്പാടി പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗങ്ങളിലൊന്നാണ് മൃഗസംരക്ഷണം. ധാരാളം കർഷകർ ക്ഷീരമേഖലയിൽ തൊഴിൽ ചെയ്യുന്നു. കോഴിവളർത്തലിനും വലിയ സാധ്യതയുണ്ട്. പാലിന് അർഹമായ വില ലഭിക്കാത്തത്തും ക്ഷീര മേഖലയെ കാര്യമായി ബാധിക്കുന്നുണ്ട്. ഒരു ഉപജീവന മാർഗ്ഗം എന്നനിലയിലാണ് പശുവളർത്തലുമായി കർഷകർ മുന്നോട്ടു പോവുന്നത്. പാലും മുട്ടയും മാംസവും ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തിയാണ് വലിയൊരു ജനവിഭാഗം ജീവിച്ച് വരുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീര മേഖലയ്ക്ക് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കിയാൽ ഈ മേഖലയ്ക്ക് നല്ല ഉണർവ്വ് ഉണ്ടാക്കാൻ സാധിക്കും. കന്നുകാലികളെ കൃഷി ആവശ്യത്തിനും വളർത്തി വരുന്നു. കാർഷിക രംഗത്തും തൊഴിൽ രംഗത്തും ഉണ്ടായ മാറ്റങ്ങൾ കൂടുതൽ ആളുകളെ മൃഗസംരക്ഷണ മേഖലയിലേക്ക് മാറ്റി. മുൻകാലങ്ങളിൽ നാടൻ ഇനങ്ങളായ കന്നുകാലികളുടെയും കോഴികളുടെയും സംരക്ഷണം കർഷകർക്ക് ഒരു ബാധ്യതയായിരുന്നില്ല. എന്നാൽ ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമാക്കി പുതിയ ഇനങ്ങളെ വളർത്താൻ തുടങ്ങിയതോടെ സംരക്ഷണ ചിലവ് ക്രമാതീതമായി വർദ്ധിച്ചു. കാലാവസ്ഥയും ഭൂപ്രകൃതിയും അനുയോജ്യമല്ലാത്ത ജനുസുകളിൽപ്പെട്ടവയിൽ രോഗബാധ സാധ്യത കൂടുതലായി ഈ മേഖലയിലും ഇപ്പോൾ പ്രതിസന്ധി നേരിടുകയാണ്. ഈ മേഖലയെ സംരക്ഷിക്കുന്നതിനായി കന്നുകുട്ടി പരിപാലനം പാലിന് സബ്സിഡി, കാലിതീറ്റ സബ്സിഡി, ആധുനിക രീതിയിലുള്ള തൊഴുത്തുകൾ, തീറ്റപുൽ കൃഷി പ്രോത്സാഹനം, മൃഗങ്ങൾക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കി മൃഗസംരക്ഷണ മേഖല ശക്തമാക്കുക എന്നതാണ് ലക്ഷ്യം.

| പ്രോജക്ടുകളുടെ എണ്ണം | വികസന ഫണ്ട് ജനറൽ | തനത് ഫണ്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 11 | 7700000 | 600000 | 4490000 | 12790000 |

## 4. പ്രാദേശിക സാമ്പത്തിക വികസനം

കേരളത്തിന്റെ ഗ്രാമീണ മേഖലയിലെ പ്രധാന ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് മേപ്പാടി ഗ്രാമപഞ്ചായത്ത്. പ്രകൃതി സമ്പ്തതുകളാൽ കാർഷിക സമൃദ്ധിയായും വിനോദ സഞ്ചാര സാധ്യതകളാലും ശ്രദ്ധേയമായ പ്രദേശമാണ് മേപ്പാടി. കാപ്പി, കുരുമുളക്, തേയില തുടങ്ങിയ വിളകൾക്കും ചെറുകിട വ്യാപാര വ്യവസായ സാധ്യതകൾക്കും അനുയോജ്യമാണ് മേപ്പാടി ഗ്രാമപഞ്ചായത്ത് .പ്രാദേശിക സാമ്പത്തിക വികസനം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും സ്ഥിരതയുള്ള വരുമാന മാർഗ്ഗങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതാണ്. മൂല്യവർദ്ധിത ഉൽപ്പനന്ന നിർമ്മാണം കാർഷിക മേഖയുടെ നവീകരണം, ഉത്തരവാദിത്തപരമായ വിനോദ സഞ്ചാര വികസനം, കുടുംബശ്രീയും ചെറുകിട സംരംഭങ്ങളും ശക്തിപ്പെടുത്തൽ - യുവജന-വനിത സംരംഭകത്വ പ്രോത്സാഹനം എന്നിവ പ്രധാന ഘടകങ്ങളാണ്. ദീർഘ വീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ നടപപിലാക്കുമ്പോൾ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്വയം പര്യാപ്തത ഉറപ്പുവരുത്തുകയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും സമഗ്രവും സമതുരിതവുമായ പ്രാദേശിക വികസനം കൈവരുക്കുകയും ചെയ്യുകയാണ് ലക്ഷ്യം.

| പ്രോജക്ടുകളുടെ എണ്ണം | വികസന ഫണ്ട് ജനറൽ | തനത് ഫണ്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 1 | 3600000 | 0 | 0 | 3600000 |

## 5. ദാരിദ്ര്യ ലഘൂകരണം

മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന ദർശനത്തിൽ ദാരിദ്ര ലഘൂകരണം മുഖ്യസ്ഥാനമാണ് കൈവരിക്കുന്നത്. സമീപകാലത്തുണ്ടായ ദുരന്തങ്ങൾ, തൊഴിലവസരങ്ങളുടെ പരിമിതിയും ചില കുടുംബങ്ങളെ പിന്നോക്കാവസ്ഥയിമേക്ക് നയിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ സ്ഥിരതയുള്ള വരുമാന മാർഗ്ഗങ്ങൾ സൃഷ്ടിക്കുകയും സാമൂഹിക സുരക്ഷ ഉറപ്പാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി മേപ്പാടി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ പേർക്കും ഭവനം നൽകി വരുന്നത് അവസാന ഘട്ടത്തിലാണുള്ളത്. സ്ത്രീകൾ, പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾ, ഭിന്നശേഷിക്കാർ തുടങ്ങിയ വിഭാഗങ്ങൾക്ക് പ്രത്യേക മുൻഗണന നൽകുന്നതിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം പൂർണ്ണതയിലേക്കെത്താൻ വേണ്ടി സാധിക്കും. ത്രിതല പഞ്ചായത്തുകളുടെ വിവിധ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലൂടെ തൊഴിൽ അവസരം സൃഷിടിക്കുന്നതിനുവേണ്ടി സാധിക്കും. സമൂഹത്തിലെ ഓരോ കുടുംബത്തിനും മാന്യമായ ജീവിത നിലവാരം ഉറപ്പാക്കുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കും എത്തിക്കുക എന്നത് ദാരിദ്ര്യ ലഘൂകരണത്തിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങളാണ്.

| പ്രോജക്ടുകളുടെ എണ്ണം | വികസന ഫണ്ട് ജനറൽ | തനത് ഫണ്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 5 | 10125000 | 0 | 375000 | 10500000 |

## 6. സാമൂഹ്യനീതി

കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നിവയുടെ അവകാശങ്ങൾ സംരക്ഷിപ്പെടുന്ന സമീപനമായിരിക്കും സ്വീകരിക്കപ്പെടുക. എല്ലാ വാർഡുകളിലും കുട്ടികൾക്കായി ബാലസഭ, ബാലസഭകളുടെ നേതൃത്വത്തിലുള്ള കുട്ടിപഞ്ചായത്ത്, ബാലസഭകളുടെ വാർഷിക സംഗമമായി ശലഭക്കൂട്ടം തുടങ്ങിയവയിലൂടെ കുട്ടികളിൽ ജനാധിപത്യബോധവും നേതൃപാടവും സൃഷ്ടിക്കുക എന്ന തന്ത്രമായിരിക്കും സ്വീകരിക്കുക.

വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി സബ്സെന്ററുകൾ കേന്ദ്രീകരിച്ച്  വൈദ്യപരിശോധനയും സൗജന്യ മരുന്നു വിതരണവും നടത്തും. സ്ഥാപനങ്ങൾ, വയോജന സൗഹൃദമാക്കും. വാർഡുകളിൽ മരുന്നു വിതരണവും നടത്തും. വാർഡുകളിൽ വയോജന ക്ലബ്ബുകൾ രൂപീകരിക്കുകയും താൽപര്യമുയള്ളവർക്ക് കൈത്തൊഴിൽ ചെയ്യുന്നതിന് സഹായം ലഭ്യമാക്കുകയും ചെയ്യും.

മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്നവരെ സമൂഹത്തിൽ വേർതിരിവില്ലാത്ത തരത്തിൽ സ്വയംപര്യാപ്തമാക്കുകയാണ് ലക്ഷ്യം. അതിനായി അവർക്ക് അഭിരുചിയുള്ള  മേഖലയിൽ പരിശീലനം നൽകി തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സഹായം ലഭ്യമാക്കും.

സമൂഹത്തിൽ മാന്യമായ സ്ഥാനമാണ് സ്ത്രീകൾ അർഹിക്കുന്നത്. എന്നാൽ തൊഴിലിടങ്ങളിലും ചിലപ്പോൾ വീടുകളിൽ പോലും അപമാനിക്കപ്പെടടുകയോ ചൂഷണം ചെയ്യപ്പെടുകയോ ചെയ്യുന്നുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ നടയുന്നതിനായി ജാഗ്താ സമിതികൾ പുനസംഘടിപ്പിക്കുകയും കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും വേണം. സ്വയം പ്രതിരോധത്തിനായി സ്ത്രീകളെ പ്രാപ്തരാക്കണം. പൊതു ഇടങ്ങളിൽ ശുചിമുറികളും മുലയൂട്ടുന്ന അമ്മമാർക്കായി ഫീഡിംഗ് റൂം സജ്ജീകരിച്ച സ്ത്രീ സൗഹൃദ പഞ്ചായത്തായി മാറ്റുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. സാമ്പത്തിക സ്വയംപര്യാപ്തത നേടുന്നതിന് വനിതാ ഗ്രൂപ്പുകളുടെ സ്വയംതൊഴിൽ  സംരംഭങ്ങൾ കുടുംബശ്രീ മുഖേന ആരംഭിക്കുന്നതിന് കഴിയും. തയ്യൽ ജോലി നന്നായി അറിയുന്ന വനിതകളെ കണ്ടെത്തി ആവശ്യമായ പരിശീലനവും സാമ്പത്തിക പിന്തുണയും നൽകി ഒരു അപ്പാരൽ പാർക്ക് ആരംഭിക്കുകയാണ് ലക്ഷ്യം.

| പ്രോജക്ടുകളുടെ എണ്ണം | വികസന ഫണ്ട് ജനറൽ | തനത് ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡിതരം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 9 | | 0 | 0 | 0 | 5925000 |

## 7. വനിതാവികസനം

മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന ദർശനത്തിൽ വനിതാശാക്തീകരണം മുഖ്യസ്ഥാനമാണ് കൈവരുക്കുന്നത്. കുടുംബത്തിന്റെയും സമൂഹത്തിന്റെയും സാമ്പത്തിക സാമൂഹിക പുരോഗതിയും സ്ത്രീകളുടെ പങ്ക് നിർണ്ണായകമാണ്. അതിനാൽ  സ്ത്രീകളുടെ സാമ്പത്തിക സ്വയം പര്യാപ്തത, സാമൂഹിക സുരക്ഷ, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസ മുന്നേറ്റം എന്നിവ ഉറപ്പാക്കുന്നതാണ് വനിതാ വികസന പദ്ധതികളുടെ പ്രധാന ലക്ഷ്യം.  കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സി.ഡി.എസ് ഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി സ്ത്രീകൾക്ക് സ്ഥിരയുള്ള വരുമാന മാർഗ്ഗങ്ങൾ സൃഷ്ടിക്കുക എന്നതും പ്രധാന വിഷയമാണ്.  സ്ത്രീ സമൂഹം ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന് ജാഗ്രത സമിതികൾ സജീവമയി ഇടപ്പെടേണ്ടത് അത്യാവശ്യമാണ്.

| പ്രോജക്ടുകളുടെ എണ്ണം | വികസന ഫണ്ട് ജനറൽ | തനത് ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡിതരം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 5 | 6900000 | 0 | 0 | 560000 | 7460000 |

## 8. പട്ടികജാതി / പട്ടികവർഗ്ഗ വികസനം

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളെ സമഗ്ര പുരോഗതികൾക്കായി സർക്കാരും ത്രിതല സംവിധാനങ്ങളും ഒട്ടേറെ വികസന ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും ലക്ഷ്യത്തിലേക്കെത്താൻവേണ്ടി ഇതുവരെ സാധിച്ചിട്ടില്ല. ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് ദീർഘ വീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്താൽ ഒരു പരിധി വരെ ഇവരെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ വേണ്ടി സാധിക്കും. പട്ടികാതി പട്ടിക വർഗ്ഗ ഉന്നതികളിലെ സമഗ്ര വികസനം, ഇവർക്കാവശ്യമായ തൊഴിൽ സംരംഭങ്ങൾ ആവിഷ്ക്കരിക്കുക. വൈദ്യുതി എത്താത ഉന്നതികളിൽ സോളാർ സംവിധാനം ഏർപ്പെടുത്തുക, ഭവന നിർമ്മാണവും, ഭവന അറ്റകുറ്റ പണികളും നടപ്പിൽ വരുത്തുക തുടങ്ങിയ കാര്യങ്ങൾ മേപ്പാടി ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കും. തൊഴിലുറപ്പ് പദ്ധതി, ഹിതകർമ്മസേന പ്രവർത്തനങ്ങൾ എന്നിവയിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെ സാമൂഹിക മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടും.

| പ്രോജക്ടുകളുടെ എണ്ണം | വികസന ഫണ്ട് ജനറൽ | എസ്.സി.പി | ടി.എസ്.പി | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 22 | 0 | 9773400 | 8698600 | 0 | 18412000 |

## 9. ആരോഗ്യം

ആരോഗ്യവാൻമാരായ പൗരൻമാരാണ് ഈ പ്രദേശത്തിന്റഎ സമഗ്രവകസനത്തിന് അടിസ്ഥാന ശക്തി. ആയതിനാൽ ആരോഗ്യ സംരക്ഷണവും രോഗപ്രതിരോധവും മുൻഗണന നൽകി എല്ലാവർക്കും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുകയാണ് പഞ്ചായത്തിന്റെ ആരോഗ്യ വികസന കാഴ്ചപ്പാട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആരോഗ്യ ബോധവൽക്കരണ ക്യാമ്പുകൾ, പ്രതിരോധകുത്തിവെപ്പ് പദ്ധതികൾ, പോണ പ്രവർത്തനങ്ങൾ എന്നിവ മുഖേന ജനാരോഗ്യം മെച്ചപ്പെടുത്താൻ പഞ്ചായത്ത് ലക്ഷ്യമിടുന്നു. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് മേപ്പാടി ഗ്രാമപഞ്ചായത്ത് മുന്തിയ പരിഗണന നൽകി പദ്ധതി വിഹിതത്തിൽ കൂടുതൽ തുക കണ്ടെത്തിയിട്ടുണ്ട്.

| പ്രോജക്ടുകളുടെ എണ്ണം | വികസന ഫണ്ട് ജനറൽ | തനത് ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡിതരം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 6 | 2500000 | 0 | 2600000 | 0 | 5100000 |

## 10. കുടിവെള്ളം

മേപ്പാടി ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് വേനൽകാലങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം ഉണ്ടാവുന്നത്. പ്രദാനമായും മേപ്പാടി ടൗണിലേയും പരിസര വാർഡുകളിലും വേനൽ കാലങ്ങളിൽ വെള്ളം കിട്ടാത്ത സാഹചര്യം ഉണ്ട്. മേപ്പാടിയിലെ പ്രധാന ജലവിതരണം നടത്തുന്നത് എളമ്പിലേരിയിലെ കുടിവെള്ള ശ്രോതസ്സ് കൊണ്ടാണ്. വേനൽകാലത്ത് ജലസ്രോതസ്സുകളിൽ നിന്നും വെള്ളം വറ്റുന്നത് കുടിവെള്ളം ക്ഷആമത്തിന് പ്രധാന കാരണമാവുന്നു. ജൽജീവൻ മിഷൻ പദ്ധതി പൂർത്തിയാവുന്നതോടുകൂടി ഇതിന് ശാശ്വത പരിഹാരം കാണുവാൻ സാധിക്കും എന്ന് പ്രതീക്ഷയുണ്ട്. ഇതിനുവേണ്ടി മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ നെടുമ്പാല, നത്തംകുനി എന്നിവടങ്ങളിലെ പ്രധാന ടാങ്കിന്റെ നിർമ്മാണം പൂർത്തീകരിച്ച് വരുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ടൈഡ് ഫണ്ട് ഉപയോഗിച്ച് വിവിധ കുടി വെള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നട പ്പിലാക്കി വരുന്നുണ്ട്.

| പ്രോജക്ടുകളുടെ എണ്ണം | വികസന ഫണ്ട് ജനറൽ | തനത് ഫണ്ട് | സി.എഫ്.സി ടൈഡ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 20 | 0 | 0 | 6123900 | 0 | 6123900 |

## 11. വിദ്യാഭ്യാസം

